ഭരണഭാഷ – മാതൃഭാഷ

(അടിയന്തരം)



| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |



**നം: ഡിബി5/14618/2020/സിഇ/തസ്വഭവ** **തീയതി: 13.01.2022**

## സർക്കുലർ

വിഷയം : തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യു) 15- ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2020-21 സാമ്പത്തിക വർഷത്തെ ടൈഡ് ഫണ്ട് വിനിയോഗം- അവലോകനം- സംബന്ധിച്ച്

സൂചന : ഈ കാര്യാലത്തിലെ 06.11.2020, 26.11.2021 തീയതികളിലെ ഇതേ നം സർക്കുലർ.

**********

പതിനഞ്ചാം ധനകാര്യകമ്മിഷൻ ഗ്രാന്റ് ഈ വർഷത്തെ അടുത്ത ഗഡു ലഭ്യമാകുന്നതിന് 2020-21 വർഷത്തെ ടൈഡ് അൺടൈഡ് ഫണ്ടിൽ 50% വിനിയോഗം വേണമെന്നിരിക്കെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ നിർവ്വഹണം നടത്തുന്ന ഇത്തരം പ്രവൃത്തികളുടെ ഫണ്ട് വിനിയോഗം വളരെ കുറവാണെന്നും, മേൽ പ്രവൃത്തികളുടെ നിർവ്വഹണം വേഗത്തിലാക്കി പരമാവധി ബില്ലുകൾ, പാർട്ട് ബില്ലുകൾ ഉൾപ്പെടെ അടിയന്തരമായി ട്രഷറിയിൽ സമർപ്പിക്കുവാനും സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു.

മേൽ പ്രവൃത്തികളുടെ നിലവിലെ ഫണ്ട് വിനിയോഗം 44.66% മാത്രമേ ആയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രൊഫോർമ പേജിൽ **P-1139-ൽ** വിവരങ്ങൾ **18/01/2022** തീയതി **5.00 PM** ന് മുമ്പ് രേഖപ്പെടുത്തേണ്ടതാണ്.

ഫണ്ട് വിനിയോഗം വിലയിരുത്തുന്നതിന് ഒരു ഓൺലൈൻ യോഗം ചുവടെ പരാമർശിക്കും വിധം കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

| ജില്ല | തീയതി | സമയം |
|---|---|---|
| തിരുവനന്തപുരം | 20/01/2022 | 10.30-12.00 |
| കൊല്ലം | 20/01/2022 | 12.00-1.30 |
| ആലപ്പുഴ | 20/01/2022 | 2.30-3.30 |
| ഇടുക്കി | 20/01/2022 | 3.30-4.30 |
| പത്തനംതിട്ട | 20/01/2022 | 4.30-5.30 |
| കോട്ടയം | 21/01/2022 | 10.30-12.00 |
| എറണാകുളം | 21/01/2022 | 12.00-1.30 |

LA

| ജില്ല | തീയതി | സമയം |
|---|---|---|
| തൃശ്ശൂർ | 21/01/2022 | 2.30-4.00 |
| പാലക്കാട് | 21/01/2022 | 4.00-5.30 |
| മലപ്പുറം | 24/01/2022 | 10.30-12.00 |
| കോഴിക്കോട് | 24/01/2022 | 12.00-1.30 |
| വയനാട് | 24/01/2022 | 2.30-3.00 |
| കണ്ണൂർ | 24/01/2022 | 3.00-4.30 |
| കാസർഗോഡ് | 24/01/2022 | 4.30-5.30 |

ഓൺലൈൻ യോഗത്തിന്റെ ലിങ്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് യഥാസമയം ഇ-മെയിൽ മുഖേന ലഭ്യമാക്കുന്നതാണ്. ഗ്രാമ പഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പ്രവൃത്തികളുടെ വിശദമായ അവലേകനം നടത്തി ടി വിവരങ്ങൾ ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ജില്ലാ പഞ്ചായത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങളുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മേൽ പരാമർശിച്ച സമയങ്ങളിൽ ടി യോഗത്തിൽ കൃത്യമായും പങ്കെടുക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

LA